ഉത്തരം

(എ) പഞ്ചായത്താഫീസിന്റെ പണി അവസാനഘട്ടത്തിലാണ്. കൃഷിഭവൻ-കം-ഷോപ്പിംഗ് കോംപ്ലക്സ് പണി തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(ബി) പഞ്ചായത്തു ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. കൃഷിഭവൻ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 5,64,404 രൂപയും പഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിനായി എസ്.ജെ.ആർ.വൈ.ഫണ്ടിൽ നിന്നും 4,79,876 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) പഞ്ചായത്ത് ഓഫീസിന്റെ നിർമ്മാണം എസ്.ജെ.ആർ.വൈ. നിബന്ധനകൾക്കു വിധേയമായിട്ടാണ് നടത്തുന്നത്. കൃഷിഭവൻ നിർമ്മാണം ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തുന്നത്.

(ഡി) കൃഷിഭവൻ നിർമ്മാണത്തിനുള്ള ഗുണഭോക്തൃ സമിതി ഭാരവാഹികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു. കൺവീനർ-ശ്രീ. കെ. വി. എബ്രഹാം കണ്ണാടൻ. ചെയർമാൻ-ശ്രീ. എം. എം. ജോയി മേച്ചേരി

അംഗങ്ങൾ : 1. ശ്രീ. ഗോപി, പാടത്തിൽ.

2. ശ്രീ. റ്റി. എം. ജോയി, തൊഴുത്തുങ്കൽ.

3. ശ്രീ. പി. വി. എബ്രഹാം, പുത്തൻകുടി.

4. ശ്രീമതി മേരി പി. കെ. പുത്തൻതുടി

5. ശ്രീ. പി. വി. മത്തായി, പറമ്പി

(ഇ) ഇല്ല.

(എഫ്) ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 1998-99ലാണ് പണി ആരംഭിച്ചത്.

(ജി) നിർദ്ദേശം നൽകിയിട്ടുണ്ട്.

കോന്നി-തണ്ണിത്തോട് റോഡ് പൂർണ്ണമായും പി.ഡബ്ല്യു.ഡി.യുടെ അധീനതയിലാക്കാൻ നടപടി

77 (3829) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ ഏതെല്ലാമാണ് ;

(ബി) ഇതിൽ പൊതുമരാമത്ത് റോഡിന്റെ ഇടയിൽ ഉള്ള ഏതെങ്കിലും റോഡുണ്ടോ ;

(സി) കോന്നി-തണ്ണിത്തോട് റോഡിന്റെ ഏതെങ്കിലും ഭാഗം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുണ്ടോ ; ഉണ്ടെങ്കിൽ ഏതു ഭാഗമെന്നും ഇത് എത്ര കിലോമീറ്റർ ദൂരം വരുമെന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒരു പി.ഡബ്ല്യൂ.ഡി. റോഡിന്റെ ഇടയിൽ കുറച്ചുഭാഗം മാത്രം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലിരിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത റോഡ് പൂർണ്ണമായും പി.ഡബ്ല്യൂ.ഡി.യുടെ അധീനതയിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ താഴെപ്പറയുന്ന 5 റോഡുകളുണ്ട്.

1. അട്ടച്ചക്കൽ -കുമ്പളം പൊയ്ക റോഡ്
2. അതുംപുകുളം-തണ്ണിത്തോട് റോഡ്
3. കാഞ്ഞിരപ്പാറ-വെട്ടൂർ റോഡ് (കിഴക്കുപ്പുറം വഴി)
4. അതിരുംകൽ-കുളത്തുമൺ റോഡ്
5. പിച്ചാണ്ടിക്കുളം-പൂമരുതിക്കുഴി റോഡ്

(ബി) ഉണ്ട്. അതുംപുകുളം-തണ്ണിത്തോട് റോഡ് ഭാഗം.

(സി) കോന്നി തണ്ണിത്തോട് റോഡിന്റെ (അതുംപുകുളം-തണ്ണത്തോട് റോഡ്) 0/00 മുതൽ 4/800 വരെയുള്ള ഭാഗം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുണ്ട്.

(ഡി) ഇക്കാര്യം പരിഗണിക്കേണ്ടത് പൊതുമരാമത്തുവകുപ്പാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം

78 (3830) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) സ്പെഷ്യൽ റൂൾ പ്രകാരം നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പി.എസ്.സി. വഴി ഇതിനകം എത്ര പേരെ നിയമിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഒഴിവുകൾ ഒന്നും നിലവിലില്ല.

(ബി&സി) പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്ത 123 ഒഴിവുകളും, സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 4 ഒഴിവുകളും നികത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly